**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1857** **11-10-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ ജനകീയ സദസ്സിന്റെ തുടർപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ ഗതാഗത പ്രശ്നങ്ങൾ ചർച്ച ചെയ്യാനായി ചേർന്ന ജനകീയ സദസ്സിന്റെ തുടർപ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പൊതുഗതാഗത സേവനം നിലവിൽ ലഭ്യമല്ലാത്ത എല്ലാ മേഖലകളിലും പൊതു യാത്രാ സംവിധാനം ലഭ്യമാക്കണമെന്നും, യാത്രായോഗ്യവും വാഹന സൗകര്യങ്ങൾ ഇല്ലാത്തതുമായ റൂട്ടുകളിൽ പൊതുജനങ്ങൾക്കായി ചെലവ് കുറഞ്ഞ യാത്രാ സൗകര്യം ഏർപ്പെടുത്തുന്നതിലേയ്ക്കുമായി ഓരോ നിയോജക മണ്ഡലത്തിലും റൂട്ട് ഫോർമുലേഷൻ ജനകീയ സദസ്സുകൾ വഴി ആസൂത്രണം ചെയ്തിട്ടുണ്ട്. ടി സദസ്സിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പ്രസ്തുത റൂട്ടുകളുടെ ആവശ്യകത പരിശോധിച്ച്, നിലവിലുള്ള ദേശസാൽകൃത സ്കീമുകളുടെ വ്യവസ്ഥകൾക്ക് വിധേയമായും മറ്റ് നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ടും തുടർനടപടികൾ സ്വീകരിക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത ജനകീയ സദസ്സുകളിൽ കെ.എസ്.ആർ.ടി.സി.യുടെ പ്രതിനിധിയായി ബന്ധപ്പെട്ട യൂണിറ്റ് ഓഫീസറെ പങ്കെടുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കുറ്റ്യാടി നിയോജക മണ്ഡലത്തിൽ 30-08-2024 തീയതിയിൽ നടന്ന ജനകീയ സദസ്സിൽ ലഭിച്ച 8 അപേക്ഷകളിൽ സംസ്ഥാന മോട്ടോർ വാഹന വകുപ്പിൽ നടപടികൾ സ്വീകരിച്ചു വരുകയാണ്. |
| (ബി) | ഈ യോഗത്തിൽ ഉയർന്നുവന്ന ഏതൊക്കെ പ്രശ്നങ്ങൾക്കാണ് പരിഹാരം ഉണ്ടാവുക എന്നറിയിക്കാമോ? | (ബി) | സംസ്ഥാനത്തെ പൊതുഗതാഗത സേവനം നിലവിൽ ലഭ്യമല്ലാത്ത എല്ലാ മേഖലകളിലും പൊതു യാത്രാ സംവിധാനം ലഭ്യമാക്കണമെന്നും, യാത്രായോഗ്യവും വാഹന സൗകര്യങ്ങൾ ഇല്ലാത്തതുമായ റൂട്ടുകളിൽ പൊതുജനങ്ങൾക്കായി ചെലവ് കുറഞ്ഞ യാത്രാ സൗകര്യം ഏർപ്പെടുത്തുന്നതിലേയ്ക്കുമായി ഓരോ നിയോജക മണ്ഡലത്തിലും റൂട്ട് ഫോർമുലേഷൻ ജനകീയ സദസ്സുകൾ വഴി ആസൂത്രണം ചെയ്തിട്ടുണ്ട്. ടി സദസ്സിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പ്രസ്തുത റൂട്ടുകളുടെ ആവശ്യകത പരിശോധിച്ച്, നിലവിലുള്ള ദേശസാൽകൃത |

| | | | |
|---|---|---|---|
| | | | സ്കീമുകളുടെ വ്യവസ്ഥകൾക്ക് വിധേയമായും മറ്റ് നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ടും തുടർനടപടികൾ സ്വീകരിക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത ജനകീയ സദസ്സുകളിൽ കെ.എസ്.ആർ.ടി.സി.യുടെ പ്രതിനിധിയായി ബന്ധപ്പെട്ട യൂണിറ്റ് ഓഫീസറെ പങ്കെടുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കുറ്റ്യാടി നിയോജക മണ്ഡലത്തിൽ 30-08-2024 തീയതിയിൽ നടന്ന ജനകീയ സദസ്സിൽ ലഭിച്ച 8 അപേക്ഷകളിൽ സംസ്ഥാന മോട്ടോർ വാഹന വകുപ്പിൽ നടപടികൾ സ്വീകരിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ